പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5254 26/03/2018-ൽ മറുപടിക്ക്

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) അടുത്ത അദ്ധ്യായന വർഷം മുതൽ എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ കെ.ഇ.ആർ പാസ്സാകണമെന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(എ) 19/02/2018 ലെ ജി.ഒ (എം.എസ്) നം. 16/18/ പൊവിവ പ്രകാരം എയ്ഡഡ് പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപകനായി പ്രൊമോഷൻ ലഭിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന കേരള എഡ്യൂക്കേഷൻ ആക്ട് & റൂൾസ് ടെസ്റ്റ് യോഗ്യത കൂടി നിർബന്ധമാക്കിയിട്ടുണ്ട്. 19/02/2018 മുതലാണ് ഈ ഉത്തരവിന് പ്രാബല്യമുള്ളത്.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിലെ ചട്ടം 18 (1) ൽ പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് ചില ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്. അത് താഴെപ്പറയും പ്രകാരമാണ്.

"The Head teacher shall be a person having a minimum of twelve years of teaching experience and possessing pass in such departmental tests and test on Kerala Education Act and Rules as may be specified in that regards".

ചട്ടത്തിൽ ഇപ്രകാരം പറഞ്ഞെങ്കിലും പ്രൊമോഷന് ആവശ്യമായ ടെസ്റ്റ് യോഗ്യത ഏതാണെന്ന് സർക്കാർ ഒരു വിജ്ഞാപനത്തിലൂടെ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ചട്ടം 18 (1) പ്രൊമോഷന് ബാധകമാക്കാൻ കഴിയില്ലെന്നാണ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും ബഹു. ഹൈക്കോടതിയും ഒന്നിലധികം കേസുകളിൽ വിധിന്യായം പുറപ്പെടുവിച്ചത്. പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപക പ്രൊമോഷനാവശ്യമായ ടെസ്റ്റ് യോഗ്യതകളെ സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടത്തിൽ

ഭേദഗതികൾ വരുത്താനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിക്കുകയുണ്ടായി. (ഒ.എ നം. 408/2017 തീയതി 06/10/2017). മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരമുള്ള നിബന്ധന കൊണ്ടുവന്നത്.

(ബി) കെ.ഇ.ആർ യോഗ്യതയുള്ളവർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഇല്ലാത്തപക്ഷം പ്രധാന അദ്ധ്യാപകനായി ആരെയാണ് നിയമിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?.

(ബി) കെ.ഇ.ആർ അധ്യായം XIV A, ചട്ടം 45 B (4) പ്രകാരം 50 വയസ്സുകഴിഞ്ഞ പ്രൈമറി സ്കൂൾ അദ്ധ്യാപകരെ ഹെഡ്മാസ്റ്റർ പ്രൊമോഷന് ആവശ്യമായ ഡിപ്പാർട്ടുമെന്റൽ യോഗ്യതകൾ നേടുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ 50 വയസ്സു കഴിഞ്ഞവർക്ക് ടെസ്റ്റ് യോഗ്യതയില്ലാതെ തന്നെ പ്രഥമാദ്ധ്യാപകനാകാൻ തടസ്സവാദങ്ങളൊന്നുമില്ല. ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് യോഗ്യത നേടിയവരോ അതിൽ നിന്ന് സ്ഥിരമായി ഒഴിവാക്കപ്പെട്ടവരോ ഇല്ലെങ്കിൽ കെ.ഇ.ആർ അധ്യായം XIV A, ചട്ടങ്ങൾ 45, 45 A എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളുള്ള ഏറ്റവും സീനിയറായ അദ്ധ്യാപകനെ ചട്ടം 45 പ്രകാരം താൽക്കാലിക ഹെഡ്മാസ്റ്ററായി നിയമിക്കാവുന്നതാണ്. താൽക്കാലിക ഹെഡ്മാസ്റ്റർ നിയമനത്തിന് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് യോഗ്യതകൾ ആവശ്യമില്ല. ടെസ്റ്റ് യോഗ്യതയുള്ള അദ്ധ്യാപകർ ഉണ്ടാകുമ്പോൾ അവർക്ക് ചട്ടപ്രകാരം പ്രൊമോഷൻ നൽകണമെന്നു മാത്രം.

(signature)

സെക്ഷൻ ഓഫീസർ